29/01/2022

30/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.100, 114, 159 (5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 90, 300, 659/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി : 30.12.2021

ശ്രീ. ജയകുമാർ എസ്.,
SAH, റ്റി.സി – 7/801, കൊച്ചുള്ളൂർ ജംഗ്ഷൻ,
മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം –11. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ.
2. അപ്പീൽ അധികാരി, തിരുവനന്തപുരം നഗരസഭ.
3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഉള്ളൂർ മേഖല കാര്യാലയം, തിരുവനന്തപുരം നഗരസഭ.
4. അപ്പീൽ അധികാരി, ഉള്ളൂർ മേഖല കാര്യാലയം, തിരുവനന്തപുരം നഗരസഭ.
5. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഇ–10 സെക്ഷൻ, തിരുവനന്തപുരം നഗരസഭ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 06.10.2017, 05.10.2017, 28.11.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 23.10.2017, 23.10.2017, 11.12.2017 |
| ഒന്നാം അപ്പീൽ | 16.11.2017, 05.10.2017, 29.12.2017 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil, 16.12.2017, nil |
| രണ്ടാം അപ്പീൽ | 04.01.2018, 10.01.2018, 20.01.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 09.08.2021, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

ഈ മൂന്ന് അപ്പീൽ ഹർജികളിലെയും ഹർജിക്കാരൻ ഒരു വ്യക്തി ആയതിനാലും മൂന്ന് അപ്പീൽ ഹർജികളിലേയും ഇരുകൂട്ടരും ഒരേ വ്യക്തികൾ ആയതിനാലും വിഷയം സമാന രൂപത്തിലായതിനാലും മൂന്ന് അപ്പീലുകളും ഒന്നിച്ച് പരിഗണിച്ച് ഒരു പൊതു ഉത്തരവിലൂടെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. അപ്പീൽ ഹർജിക്കാരനായ ശ്രീ.ജയകുമാർ എസ്. സമർപ്പിച്ച വിവരാവകാശ അപേക്ഷകളിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടത്, File No.E10/90504/2016, No.UE2/4037/2016, Complaint No. UE2/6234/17 എന്നീ ഫയലുകളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 09.08.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നില്ല. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നു.

4. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2008 മുതലുള്ള കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നത്. ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. 6-ാം വകുപ്പ് പ്രകാരം ഒരു അപേക്ഷ ലഭിക്കുമ്പോൾ കഴിയുന്നത്ര വേഗത്തിലും, അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും വിവരം ലഭ്യമാക്കേണ്ടതാണ്. സമയബന്ധിതമായി മറുപടി നൽകാതിരുന്നത് എതിർകക്ഷികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. തികച്ചും നിരുത്തരവാദപരമായ സമീപനമാണ് എസ്.പി.ഐ.ഒ. മാരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളത്. ഇത്

വിവരാവകാശ നിയമത്തോടുള്ള അവഹേളനവും ഗുരുതരമായ വീഴ്ചയുമായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ചവരുത്തിയ എസ്.പി.ഐ.ഒ. മാർക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Jn